# കാണി

**കാ**റ്റിന്റെ കുതൂഹലം ശ്രദ്ധിച്ചിട്ടുണ്ടോ.....? വൃക്ഷങ്ങളോട് യുദ്ധം ചെയ്യാൻ വേണ്ടി പടർക്കളത്തിലേക്ക് വർദ്ധിതവീര്യത്തോടെ മുട്ടുംവിളി നടത്തി കുതിക്കുന്ന കാറ്റ്, തെങ്ങിൻ തുമ്പുകളോട് പ്ലാകൊമ്പുകളോട് എന്തിന് വിദേശി റംബുട്ടാനോടു പോലും യുദ്ധം ചെയ്യുന്നു.

നിശാഗമത്തിലെ വൃക്ഷങ്ങളുടെ മുറയാട്ടം വീട്ടിലെ മച്ചിലിരുന്ന് വീക്ഷിക്കാൻ തുടങ്ങിയിട്ട് ഒത്തിരി നേരമായി.എവിടെയോ നിൽപ്പുള്ള വെള്ളിലമരത്തിൽ നിന്ന് ശിരസ്സറ്റ വെള്ളിലകൾ നിശാകേതുവിന്റെ പാൽ വെളിച്ചത്തിൽ ദോലനം ചെയ്ത് മുറ്റത്ത് ഇറങ്ങുന്നതല്ലാതെ കാറ്റിന്റെ വിജയ രംഗങ്ങൾ കുറവാണ്. നിശയിൽ പോരാളികളുടെ നിഴൽ പ്രേതങ്ങൾ കൂടി യുദ്ധത്തിൽ പങ്കെടുക്കുന്നതിനാൽ ചന്ദ്രികാചർച്ചിതമായ രാവിൽ ആകമാനം യുദ്ധപോരാട്ടത്തിന്റെ ഇളകിമറിച്ചിലുകൾ കാണാം.ആകാശം കൂടി പങ്കെടുത്തിരുന്നുവെങ്കിൽ ഇലകളുടെ പരിജമുട്ടു കൂടി കേൾക്കാമായിരുന്നു.എല്ലാം അഭിയാനങ്ങളിലാണ്. ഒന്നിനോടൊന്ന് അതിജയിക്കാനുള്ള മത്സരത്തിൽ.

ഒരിക്കലും പരാജയപ്പെടില്ലെന്ന ഭീഷ്മ പ്രതിജ്ഞയിൽ. കണ്ണുകളിലും ചിന്തകളിലുമായി നടക്കുന്ന ഈ യുദ്ധങ്ങളിൽ കാണിയായിനിൽക്കാനെ കഴിയൂ... ഉടനെ കാതുതരിക്കാൻ തുടങ്ങി. മൊബൈലിൽ യേശുദാസ് പാടുന്നു. ഒരാവർത്തി യേശുദാസിനെ കേട്ട് ഫോണെടുത്തപ്പോൾ ശ്രവണ കാന്തങ്ങൾ ബന്ധിച്ചു.

'പിന്നെ ....... ഒന്നു വരണം ....... മിനിയൂട്ടിയിലേക്ക് ഒന്ന് പോകണം .... പെട്ടെന്ന് .......'

'ഊം.......'' എന്ന് മൂളിയപ്പോഴേക്കും ശ്രവണകാന്തങ്ങൾ വികർഷിച്ചിരുന്നു. അമ്മാവനാണ് വിളിച്ചത്.ചില അധികാരങ്ങൾക്ക്

ഉത്തരവുകൾ മാത്രമേ ആവശ്യമുള്ളൂ.ഔദ്യോഗികതകൾ വേണ്ട, പ്രതിവചനങ്ങൾ വേണ്ട .........

മിനിയൂട്ടി വേങ്ങരയിലെ ഒരെളിയ ടൂറിസ്റ്റ് കേന്ദ്രമാണ്.ഊരകം മലയുടെ ഉച്ചിയിൽ പന്നച്ചെടികൾ മണ്ണുമൂടിപ്പരന്ന ഒരു കുന്നിൻപുറം. മുകളിൽ നിന്ന് നോക്കിയാൽ കൽപ്പാത്തി പാടം മങ്ങി കാണാം. എത്തി പിടിക്കുവോളമേ എന്തിനും മനോഹാരിതയുള്ളൂ എന്നതെത്ര ശരിയാണ്. പാടറമ്പിലൂടെ ദിനസരി പ്രയാണം നടത്തുമ്പോൾ അനുഭവിക്കാത്ത ഒരു ഭംഗി മിനിയൂട്ടിയിലെ കുന്നിൻ പുറത്തു നിന്ന് വീക്ഷിക്കുമ്പോൾ കൽപ്പാത്തി പാടത്തിനു തോന്നാറുണ്ട്. യാത്രയിൽ, മുറിവു പറ്റിയ ഊരകം മലയുടെ അംഗങ്ങളെ കാണാം. മുറിവ് നീറി കരയുന്ന ശബ്ദം കേൾക്കാം. കാർന്നുതിന്നുന്ന ഭീമൻ പുഴുക്കളുടെ അട്ടഹാസങ്ങൾ കേൾക്കാം. അടിവാരത്തണുപ്പിനേക്കാൾ കൂടുതൽ കുളിർ അനുഭവിക്കാം.കാണികളിൽ അധികവും പീടികകളുടെ മോന്തായകുപ്പികളിൽ ഉപ്പിലിട്ട കായ്ഫലങ്ങൾ രുചിക്കാനാണ് മിനിയൂട്ടിയിലേക്ക് ചേക്കേറുന്നത്. ചില പുറം മാന്യന്മാർ മിനിയൂട്ടിക്കാവിലെ കള്ളുഷാപ്പ് ലക്ഷ്യംവച്ചും വരുന്നുണ്ടാവാം.ഊരകം മല മത ഭേദങ്ങളുടെ ഒരു സങ്കലന ഗേഹം കൂടിയാണ്.ഭീമൻ ചർച്ചുകളേയും ,മുസ്ലിം പള്ളികളേയും,അമ്പലങ്ങളേയും ഊരകം മല മുലയൂട്ടുന്നു. കേരളത്തിലെ അതിപുരാതന അമ്പലങ്ങളിൽ പെട്ട ഒരെണ്ണം ഊരകം മലയിലെ തിരുവോണ മലയിലാണ് സ്ഥിതി ചെയ്യുന്നത് പോലും. ഈ ജനസഞ്ചയം കാടു പോലെ തന്നെ ഒരുമയിലാണ്.വിവിധ ജാതി മരങ്ങളുണ്ടെന്നാലും അവയുടെ നിലനിൽപ്പ് ആ മണ്ണിനെ ആശ്രയിച്ചല്ലേ .......

സ്കൂട്ടറിന്റെ കണ്ണിട്ടപ്പോൾ വീട്ടുമുറ്റത്ത് മഞ്ഞനിറത്താലുള്ള ഒരുവൃത്തം തെളിഞ്ഞു വന്നു. ആവൃത്തത്തിൽ കണ്ണുംനട്ട് അതിനു പുറകിലായി മെല്ലെ മെല്ലെ ചലിച്ചു. തറവാട് മാറി തറവീടായ അമ്മാവന്റെ വസതി ചാരെ സ ്കൂടർ നിന്നു.അമ്മാവൻ ഒരു കവി സമാനം ജുബ്ബായും പാന്റും ധരിച്ച് ഉമ്മറത്തേക്ക് ഇറങ്ങി വന്നു. കയ്യിലുള്ള ബാഗ് എന്റെ കാലിടയിലെ സ്കൂട്ടറിന്റെ ക്ലിപ്പിൽ കൊളുത്തി പുറകിലായി ഇരിപ്പുറപ്പിച്ചു. വെട്ടവട്ടം പതിയെ വീണ്ടും ചലിച്ചു തുടങ്ങി.കണ്ണുകളുടെ ലോകവിസ്താരം മുന്നേ ചലിക്കുന്ന മഞ്ഞച്ച വൃത്തത്തിൽ മാത്രമായി ചുരുങ്ങി. പ്രധാന

റോഡിൽനിന്ന് മല തുരന്ന റോഡിലേക്കായി തിരിഞ്ഞതും ചെങ്കുത്തായ കയറ്റത്തിലേക്ക് ഒരമറലോടെ സ്കൂട്ടർ പ്രവേശിച്ചു.റോഡിറമ്പുകളിലായി ഓടുമേഞ്ഞ വീടുകൾ.വീടിന്റെ ഉമ്മറ തിണ്ടുകളിലായി ആർക്കോവേണ്ടി പ്രകാശിക്കുന്ന ദീപങ്ങൾ.ചലിക്കും തോറും വീടുകൾ കുറഞ്ഞു വരുന്നു.ഊരകം മലയുടെ ഹൃദയധമനികളിലൂടെ,വടവൃക്ഷങ്ങളുടെ ഭീതിമുറ്റ നിഴൽപ്പാടുകളെ വകഞ്ഞ്, അണിയണിയായ റബ്ബർ മരങ്ങൾക്കിടയിലൂടെ,നിശാവായാടികളുടെ അധികാര സ്വനങ്ങളും കേട്ട് ഊരകം മലയുടെ ഉച്ചിയിലേക്കായി കുതികുതിച്ചു. തണുപ്പും ഞങ്ങളോടു കൂടെ മല കയറി വരുന്നുണ്ട്.

തുരന്ന പാതയുടെ ഇരുവശവും കൊല്ലിയാണ്.ഇരുട്ടിന്റെ ഭീകരമായ ഗുഹകൾ.എന്നാലും ദീപാലംകൃതമായ വേങ്ങരയുടെ ഉത്തര ദൃഷ്ടി കണ്ണഞ്ചിപ്പിക്കും. കണ്ണുകൾ കൊല്ലിയിറങ്ങി ഓരോ സ്ഥാനങ്ങളും തിട്ടപ്പെടുത്തും.ഇരുട്ടിലാണ് വെളിച്ചത്തിന് ഭംഗി കൂടുതലെന്ന് തോന്നുന്നു. ശരിക്കും വെളിച്ച ലോകത്തേക്കാൾ ഇരുണ്ട ലോകത്തെ ദീപദ്വീപുകൾക്ക് തന്നെയാണ് ഭംഗി കൂടുതൽ.ശീതളിമ ഒരുതരം തണുപ്പൻ മട്ടിൽ ശരീരത്തെ ഗ്രസിക്കാൻ തുടങ്ങി.

ഏതായാലും ഊരകം മല കയറിയെത്തുന്ന തണുപ്പിന് ഒരു പരിധിയുണ്ട്.അമ്മാവൻ ഉരം തട്ടാൻ തുടങ്ങി.വാഹനം പതിയെ പതിയെ അടങ്ങിയോടി.'ഇവിടെ കുറച്ചു കഴിഞ്ഞാൽ ഒരു ചെറിയ ഓഫ് റോഡ് ഉണ്ട് അതിലൂടെ പോവണം ......' അമ്മാവന്റെ നിർദേശം ചെവി കൊണ്ട് വാഹനം പതിയെ ഓടിച്ചു.മിനിയൂട്ടി യിലേക്കുള്ള വഴി മധ്യേ വാഹനം തിരിഞ്ഞു ഊടുവഴി കയറി കുത്തി കുലുങ്ങി ചലിക്കാൻ തുടങ്ങി.മഞ്ഞവൃത്തങ്ങൾക്കകത്ത് ഉരുളൻകല്ലുകൾ നിറഞ്ഞു.തിട്ടമില്ലാത്ത

മരശ്രേണികൾ ആരോഹണാവരോഹണങ്ങളിലായി നിലനിൽക്കുന്ന കാടിനുള്ളിലൂടെ കയറിച്ചെന്നു.കുറച്ചു വാഹനങ്ങൾ അങ്ങിങ്ങായി പാർക്ക് ചെയ്തിട്ടുണ്ട്. ഒഴിഞ്ഞ ഒരു സ്ഥലത്ത് വാഹനം പാർക്ക് ചെയ്ത് അമ്മാവന്റെ പിറകിലായി ഇറങ്ങിനടന്നു.അടുക്കുംതോറും പിരമിഡാകൃതിയിൽ,ത്രികോണ വക്കിലെല്ലാം എൽ,ഇ,ഡി ഘടിപ്പിച്ച ഒരു സൗധം കണ്ണിൽ വർണ്ണരാജിയിൽ തെളിയാൻ തുടങ്ങി.

രണ്ടു കമ്പികളിലായി ഘടിപ്പിച്ച തുടലയിൽ  മിനിയൂട്ടി നൈറ്റ് പാർക്ക് എന്നെഴുതിയ ബോർഡ് ഊഞ്ഞാലാടുന്നുണ്ട്.അങ്ങിങ്ങായി അല്പം ചെറുപ്പക്കാർ പരസ്പരം വാചകക്കസർത്തിലാണ്.അമ്മാവനെ കണ്ടതും ഒന്നുരണ്ടെണ്ണം സർ എന്നുവിളിച്ച് ആനയിച്ചു.‘അവന്റെ കല്യാണത്തിന് സാറിന് വരാൻ പറ്റിയില്ലല്ലോ ...... ഈ ഫംഗ്ഷനെങ്കിലും സർ വന്നല്ലോ ..... സന്തോഷം .....‘ഒരുത്തന്റെ സ്വീകരണ

വാചകങ്ങളിൽ നിന്നാണ് ബോധ്യങ്ങൾ ഉദിച്ചത്.അമ്മാവന്റെ വിദ്യാർഥികളും സഹപ്രവർത്തകരുമാണ് അവിടെ കൂടിയവർ.അവരിലൊരാളുടെ വിവാഹ ട്രീറ്റിനായി ഒരുമിച്ചുകൂടിയതാണ്.

ഇളിഭ്യത മനസ്സിനെ ഗ്രസിക്കാൻ തുടങ്ങി. വിളിക്കുന്ന ചടങ്ങുകൾക്ക് തന്നെ അപൂർവമായേ പങ്കെടുക്കാറുള്ളൂ അപ്പോഴാണ് വിളിക്കാത്ത ചടങ്ങിന്.പക്ഷേ നിവൃത്തിയില്ല.ഒന്നുരണ്ട് വിദ്യാർത്ഥികൾ എന്നെ ക്ഷണിച്ച ശേഷം അവർ അവരുടെ വഴിക്ക് പോയി. വിദ്യാർത്ഥികൾ അമ്മാവനെ പൊതിഞ്ഞ് തമാശകൾ പറയുകയാണ്. ഇടയ്ക്കിടെ പൊട്ടിച്ചിരിക്കുന്നുമുണ്ട്.

വെട്ടിയൊതുക്കിയ നീല പുല്ലിൽ കാൽവിരലുകൾ ഉരസിക്കൊണ്ട് അവിടെ ഒതുങ്ങിനിന്നു.ഗൂഢവനത്തിൽ ഇങ്ങനെ ഒരു സൗധം ഒട്ടും നിനച്ചതല്ല.രാത്രി വീടിന്റെ മച്ചിൽ ഇരിക്കുമ്പോൾ കേൾക്കാറുള്ള നിശാപ്രാണികളുടെ ചിലപില പോലെയല്ല വനമധ്യത്തിൽ കേൾക്കാൻ കഴിയുന്നത്. ചീവീട് ഗാംഭീര്യത്തോടെ ശബ്ദമുണ്ടാക്കുന്നു. പേരറിയാത്ത ഒരുപക്ഷേ കണ്ടിട്ടുപോലുമില്ലാത്ത പലജാതി ജന്തുക്കളുടെ ശബ്ദങ്ങൾ ചെവി തുളക്കുന്നു.

മരമൂട്ടിലിരുന്ന്  പോക്കാൻ തവളകൾ കാക്കക്കു പഠിക്കുന്നു.നിശാസൗധം ഒന്ന് ചുറ്റി കാണാൻവേണ്ടി പതിയെ നടക്കാൻ തുടങ്ങിയപ്പോഴാണ്  സിമ്മിങ്ങ് പൂളിലെ തെളിഞ്ഞ വെള്ളത്തിൽ പനിമതിയുമായി മുഖാമുഖം നിന്നത്.ജലാകാശത്തിന്റെ പരിധിക്ക് പുറത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന മേഘങ്ങൾക്കിടയിൽ നിന്ന് ചന്ദ്രൻ പാൽപുഞ്ചിരി പൊഴിക്കുന്നു. ദൈവത്തിന്റെ കരവിരുതിനാലല്ലാതെ

ഒരു മാനവനും വരക്കാൻ കഴിയാത്ത ആ ചിത്രം  മനസ്സിനെ ഭ്രമിപ്പിച്ചുകൊണ്ടിരുന്നു.ഒന്നുരണ്ട് കുഞ്ഞൻ തവളകൾ കാലുകൾ വിടർത്തി കിടന്ന് വെള്ളം കപ്പുന്നുണ്ട്.കാലുകൊണ്ട് ഒന്ന് വെള്ളം ഞെട്ടിച്ചതും അവകളെല്ലാം ഒളിക്കാൻ വേണ്ടി ഊളിയിട്ടു. ചെളിവെള്ളത്തിലും  കുളത്തിലും ഒളിക്കുന്ന പോലെ പൂളിൽ ഒളിക്കാൻ കഴിയുമോ. അവകൾ വെള്ളത്തിനടിയിലൂടെ പോകുന്നത് നിലാവെളിച്ചത്തിൽ വ്യക്തമായി കാണാം.വീണ്ടും ഞെട്ടിക്കാൻ വേണ്ടി എവിടെയാണ് കുഞ്ഞന്മാർ പൊന്തുന്നത് എന്ന് വീക്ഷിച്ചു കൊണ്ടിരുന്നു.അവകളെ വെറുപ്പിക്കുന്നതിൽ ഒരു താല്പര്യമുണ്ട്. ഒരു തരം വാശി.വീട്ടിൽ മീൻ വളർത്താൻ വേണ്ടി ടാർപ്പായകൊണ്ടു നിർമ്മിച്ച കുളത്തിൽ വെള്ളം കലങ്ങിയാൽ ആ തക്കം ഇവറ്റകൾ വന്നുകൂടും. അന്നുമുതൽ മീൻ കുഞ്ഞുങ്ങൾ ഓരോന്നായി നഷ്ടപ്പെടാൻ തുടങ്ങും. എന്നാൽ ഇവറ്റകളെ പുറത്താക്കാൻ വലയുമായി വന്നാലോ .... ഉടനെ തുടങ്ങും അവയുടെ ഒളിതെളികൾ.തല കാണുന്നിടത്ത്

വലയിടുമ്പോൾ വെള്ളത്തിൽ മുങ്ങും.പിന്നെ കാണാനേ കഴിയില്ല. ഒട്ടും പ്രതീക്ഷിക്കാത്തിടത്ത്  പൊങ്ങും.വീണ്ടും സ്ഥിരം പല്ലവി തന്നെ.ഒടുക്കം എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടു മടങ്ങേണ്ടിവരും.തവളകളെ പാഠം പഠിപ്പിക്കാൻ പറ്റിയ ഒരു അവസരമാണ് വന്നുചേർന്നിരിക്കുന്നത്. അവറ്റകളുടെ വിഡ്ഢിത്തം കണ്ട് എനിക്ക് ചിരിവന്നു .ആരിൽ നിന്നൊളിക്കാനാണ് ഇവറ്റകൾ മുങ്ങുന്നത്.തവളയെ മക്കാറാക്കൽ തുടർന്നുകൊണ്ടിരിക്കുന്നതിനിടെയാണ് ആൾക്കൂട്ടങ്ങളിൽ നിന്ന് അകന്ന് ഒരു സമാദൃശ്യൻ  എന്നെ വീക്ഷിച്ചു നിൽക്കുന്നത് ശ്രദ്ധയിൽ പെട്ടത്. അവന്റെ മുഖത്തെ പുഞ്ചിരിയിൽ ഒരുപാട് നേരമായി എന്നെ നോക്കിയിരിപ്പാണെന്ന് മനസ്സിലായി.ആരും ശ്രദ്ധിക്കുന്നില്ലെന്ന് വിശ്വസിച്ച എനിക്ക് തെറ്റി.അവനെന്നെ വീക്ഷിക്കുന്നുണ്ടായിരുന്നു. പൂളിന് അരികിലൂടെ നടന്ന്  അടുത്ത് എത്താറായപ്പോഴേക്കും അവൻ എന്റെ അടുത്തേക്ക് നടക്കാൻ തുടങ്ങി.ഞങ്ങൾ രണ്ടുപേരും  രണ്ട് കാലടിയിടയിൽ സന്ധിച്ചു. ‘ ഹായ് ..... ഞാൻ അജയൻ ......  സാറെ കൂടെ വന്നതാണല്ലേ ...... ഞാൻ സാറിന്റെ സ്റ്റുഡന്റ് ആണ് .........‘

അവൻ ഒരു ബന്ധത്തിന് തുടക്കമിട്ടു. ‘അതെ ..... മൂപ്പർക്ക് ഡ്രൈവിംഗ് അറിയില്ലല്ലോ അതുകൊണ്ടാണ് ഞാൻ ക്ഷണിക്കാത്ത

ഫങ്ഷന്  വന്നത് .......'എന്റെ സംസാരം കേട്ടമാത്രയിൽ അവന്റെ മുഖത്ത് നിസ്സാരത തെളിഞ്ഞു.

'അതൊന്നും .... പ്രശ്നമില്ല ....' വിരലുകൾ കുടഞ്ഞ് അജയൻ പറയുമ്പോൾ ഞാൻ അജയനോടായി ചിരിച്ചു.പിന്നീടുള്ള അല്പസമയത്തെ മൗനം കാരണം ചുറ്റുപാടും ഒന്ന് വീക്ഷിക്കാൻ കഴിഞ്ഞു.കുട്ടികൾ  ഭക്ഷണത്തിനായുള്ള ദ്രുതതരമായ ഒരുക്കത്തിലാണ്.സൗധത്തിന്റെ ഉമ്മറത്ത് സുപ്ര വിരിക്കുന്നു.അകത്തുനിന്ന് ഭക്ഷണസാധനങ്ങൾ സുപ്രക്കരികെ വയ്ക്കുന്നു. വലിയ സ്റ്റീൽ തളികകൾ നിരത്തുന്നു.അവർക്കിടയിൽ ഞങ്ങൾ രണ്ടുപേരും, പിന്നെ അമ്മാവന്റെ സഹദ്യാപകരും മാത്രമേ കാണികളായിട്ടുള്ളൂ.

'നിങ്ങൾ അവരോടൊപ്പം കൂടുന്നില്ലേ ........' മൗനത്തെ വകഞ്ഞ് ഞാൻ ചോദിച്ചു.

'നോക്കൂ ... എനിക്ക് അതിലൊന്നും താല്പര്യമില്ല .... നിങ്ങൾ വന്നതുമുതൽ എന്റെ ശ്രദ്ധ നിങ്ങളിലാണ്.ഇവിടങ്ങളിൽ ഒന്നും ശ്രദ്ധിക്കാതെ നിങ്ങൾ മറ്റെന്തോ ചിന്തിക്കുന്നു. പ്രകൃതിയിലേക്ക് നോക്കുന്നു. എന്നെപ്പോലെ ......' അജയൻ അല്പം ആലോചിച്ചതിനു ശേഷമാണ് എന്നോട് കാര്യം പറഞ്ഞത്.അജയനോട് ഒരാവർത്തി ചിരിച്ചു. സംസാരങ്ങളെക്കാൾ ബാന്ധവം ചിരികൾക്കാണുള്ളത്.അജയന്റെ ചിരി മനോഹരമാണ്. ആ ചിരികളിലൂടെയാണ് ഞങ്ങൾക്കിടയിലെ അപരിചിതത്വത്തിന്റെ തിരശ്ശീല ഉയർന്നു പോയത്.സുപ്രയിൽ തളികകൾ നിരന്നു.അവയിൽ വിദേശ അരികൊണ്ടുള്ള ചോറ് നിറക്കാൻ ഒരുപറ്റം തുനിഞ്ഞിറങ്ങി.പാത്രത്തിലെ നാലു മൂലകളിലായി ചുട്ട കോഴി വന്നിരുന്നു. ചേരുവകളുടെ ഗന്ധം നാതരിപ്പുളവാക്കി. അജയൻ എന്നോട് പലതും ചോദിക്കുന്നുണ്ടെന്നാലും,അവനും എന്നെപ്പോലെ ഇതികർത്തവ്യതാമൂഢനാണ്.പറയാതെ ഫങ്ഷന് വന്ന ഞാൻ അപരിചിതത്വം മൂലം ഇളിച്ചം പിടിക്കുന്നതിൽ കാര്യമുണ്ട്. പക്ഷേ അജയൻ അങ്ങനെയല്ലല്ലോ അവൻ ഈ പരിപാടിയുടെ ഭാഗമാണ്.എങ്കിലും അവൻ  എന്നെപ്പോലെ കാണിയാകുന്നു. എല്ലാവരും പ്രവർത്തനനിരതരാണ് അജയന് അവരുടെ കൂട്ടത്തിൽ കൂടിയാലെന്താ....? ഒരു പക്ഷേ പ്രകൃതി അവനെ കാണിയാക്കുകയാവാം ...!കാറ്റും കോളുമായി പ്രകൃതി നടത്തുന്ന സംഗമങ്ങളിൽ മനുഷ്യന് കാണിയല്ലേ....

ഒന്നുരണ്ടാളുകൾ ഞങ്ങളെ സുപ്രയിലേക്ക് ക്ഷണിച്ചു.നാലുപേർക്ക് ഒരു പാത്രമാണ്.ഒരു ഗതകാല സ്മരണയിൽ നിന്ന് ചരിത്രത്തെ കയ്യിട്ടുവാരി എടുത്ത് കഴിക്കാൻ തുടങ്ങി. എന്റെ അരികിലാണ് അജയൻ ഇരിക്കുന്നത്. മറുവശത്തുള്ള രണ്ടുപേരും അധ്യാപകരാണ്. നിശബ്ദരായി കഴിക്കാൻ തുടങ്ങി. വിരലനക്കം കൂടി ഇല്ലായിരുന്നുവെങ്കിൽ ഭക്ഷണ പാത്രത്തിനു ചുറ്റും നാലു പ്രതിമകൾ ഇരിക്കുന്ന പോലെ മറ്റുള്ളവർക്ക് തോന്നുമായിരുന്നു.എല്ലാവരും തമാശകൾ പൊട്ടിക്കുന്നു.അതു കേട്ട് എല്ലാവരും പൊട്ടിച്ചിരിക്കും.ചിലർ കോഴിക്കാലുകൾ പരസ്പരം വലിച്ചെടുക്കുന്നു.അതിനാലുള്ള പള്ളും പായേരവും നിറയുന്നു.ഇടയ്ക്കിടെ അമ്മാവൻ ചില തമാശകൾ പറയുന്നു. രസതന്ത്രത്തിന് ആവാഹിക്കാൻ കഴിയാത്ത തമാശകൾ ആണെങ്കിലും വിദ്യാർത്ഥികൾ മനപ്പൂർവ്വം വാവിട്ടു ചിരിക്കുന്നു. വിദ്യാർത്ഥി കാലഘട്ടം എല്ലാ അർത്ഥത്തിലും ഒരു സഹന ഘട്ടമാണല്ലോ. ആ കാലഘട്ടം കഴിഞ്ഞാലും അധ്യാപകർക്കു മുൻപിൽ അവർ സഹനശീലർ തന്നെ.അജയൻ ഭക്ഷണം കഴിച്ച് ഒരു ഏമ്പക്കവും വിട്ട് വിടുതി അറിയിച്ചു.ആഭിജാത്യ മര്യാദയിൽ ഞാൻ വീണ്ടും കഴിക്കാൻ ആംഗ്യംകാണിച്ചു.അവൻ ഭ്രൂവളച്ച് നിരസിച്ചു.കുറച്ചു കൂടി കഴിക്കണം  എന്നുണ്ടെങ്കിലും എഴുന്നേറ്റു.മറുവശത്ത് ഇരിക്കുന്ന അധ്യാപകർ ഒരു മര്യാദയായി ഞങ്ങൾക്ക് എഴുന്നേൽക്കാനുള്ള സമ്മതം ചിന്മുദ്രയാൽ തന്നിരുന്നു.

അജയൻ കൈ കഴുകി വീണ്ടും എന്റെ  അരികിലായി നിന്നു. ഞങ്ങൾ  പൂളിലേക്ക് നോക്കി.ശീകരങ്ങൾ മെനയുന്ന കുഞ്ഞോളങ്ങളിൽ ചന്ദ്രൻ നീന്തിതുടിക്കുന്നു. അജയൻ കുടന്തകളിൽ വിരൽനട്ട് കൂലങ്കഷമായ ചിന്തയിലാണ്.

‘ ഈ ജലബിംബങ്ങൾ എന്ന് എന്തുകൊണ്ടാണ് വിളിക്കുന്നത് ........?

ജലത്തിൽ രൂപങ്ങൾ ബിംബസമാനം അനങ്ങാപ്പാറ പോലെ നിൽക്കുമോ....?‘ അജയൻ പൂളിലേക്കുള്ള ദൃഷ്ടിപാതം തെറ്റാതെ ആരോടെന്നില്ലാതെ പറഞ്ഞു. ‘സ്ഥായിയായി ജലത്തിൽ നിലനിൽക്കുന്ന പ്രതിബിംബങ്ങൾ നാം കാണാറില്ലേ.....

ഇപ്പോഴിതാ ഈ ചന്ദ്രൻ ബിംബസമാനം ജലത്തിൽ തെളിയുന്നു.......‘

‘തെറ്റായ നിരീക്ഷണം .......‘ എന്നെ മുഴുമിപ്പിക്കാൻ അനുവദിക്കാതെ

അജയൻ ഇടപെട്ടു.

‘ജലം ഒരു ശില്പിയല്ല.കാറ്റുകൾ ജലത്തെ ശില്പ വേല ചെയ്യാൻ അനുവദിക്കില്ല.കണ്ടില്ലേ വെള്ളത്തിൽ ചന്ദ്രൻ ഉലഞ്ഞാടുന്നത്. ഇതെങ്ങനെ ബിംബസമാനമാകും. ‘

‘അജയൻ അല്പം കടന്നു ചിന്തിക്കുന്ന കൂട്ടത്തിലാണെന്നു തോന്നുന്നു ...... അതൊരു എക്സ്റ്റേണൽ ഫോഴ്സ് മൂലമല്ലേ .....മൂലാർത്ഥത്തിൽ  പ്രതിബിംബങ്ങൾക്ക് ജലചരണം എന്നൊന്നില്ല.......‘

എന്റെ ന്യായം കേട്ടതിനു ശേഷം വിലപേശുന്ന കച്ചവടക്കാരനെ പോലെ അജയൻ എന്നെ നോക്കി.

‘ ഒന്നിൽ മറ്റൊന്ന് അലിയുമ്പോൾ അതൊന്നാകുന്നു..... അദ്വൈതം അറിയില്ലേ .... ശാസ്ത്രങ്ങൾക്കും എത്തിപ്പിടിക്കാനാവാത്ത മഹാചിന്തയാണ് ശങ്കരാചാര്യന്റെ  അദ്വൈതം...‘

മറുപടി കേട്ട് എന്റെ കണ്ടക്കുരു ഇളകി. എന്തെങ്കിലും പറയാൻ വേണ്ടി ചിന്തചിക്കി

നോക്കി.പക്ഷേ വിഫലം. ഞാൻ തല താഴ്ത്തിയപ്പോൾ യുദ്ധം ജയിച്ച രാജാവിന്റെ ചിരി നൽകി അജയൻ എന്റെ തോളിൽ തട്ടി. ഞാൻ  അവനോടായി ചിരിച്ചു. വിദ്യാർഥികളും അധ്യാപകരും ഭക്ഷണം കഴിച്ച്  ഇറങ്ങിയിരിക്കുന്നു.സുപ്ര  ഭീമമായ ഒച്ചിൻ കൂടുപോലെ ചുരുണ്ടിരിപ്പുണ്ട്. പാത്രങ്ങളെല്ലാം പെറുക്കിക്കൂട്ടി സൗധപാലകരായ രണ്ടു വിദേശികൾ സഞ്ചിയിലാക്കി കൊണ്ടിരിക്കുന്നു.ഒന്നുരണ്ട് ആളുകൾ കൈ കൊണ്ട് ഞങ്ങളെ മാടി വിളിക്കുന്നുണ്ട്. മടിപിടിച്ച് പ്രാഞ്ചി പ്രാഞ്ചി അവർക്ക് പിറകിലായി നടന്നു. അജയൻ പിറകെ വഴിവാലായി കൂടി.സൗധത്തിനു ഒരു വശത്തായി ചെറിയ കുന്നുണ്ട്.പുല്ലു മൂടിയ കുന്നിന്റെ നടുവിലൂടെയുള്ള പടവിലൂടെ കയറി ചെന്നതും ആനന്ദം പെരുക്കാൻ തുടങ്ങി.വൃത്താകൃതിയിൽ നിരത്തിവെച്ചിരിക്കുന്ന മരകസേരകളിലായി വിദ്യാർഥികളും അധ്യാപകരും ഇരിക്കുന്നു. വൃത്തത്തിനു നടുവിലായുള്ള കോൺക്രീറ്റ് തൂണിൽ നിന്ന് മെഴുകുതിരി വെട്ടങ്ങളാൽ പ്രകാശം പരക്കുന്നു. നിലാവിന്റെ ശോഭയിൽ മെഴുകുതിരി വെട്ടങ്ങൾക്ക്

വയം കുറവാണെന്നാലും.ചുറ്റും കൂടിയവരെ മുറ്റും മെഴുകുതിരി വെട്ടങ്ങൾ സ്വർണ്ണ പ്രകാശത്താൽ കവചിതരാക്കിയിരിക്കുന്നു. മടിച്ചു മാറി നിന്ന ഞങ്ങളെ വിദ്യാർത്ഥികൾ വൃത്തം പൂർത്തീകരിക്കാൻ പിടിച്ചിരുത്തി. അജയൻ കഴിവതും നിരസിച്ചെങ്കിലും കൂട്ടാളികളുടെ നിർബന്ധത്തിന് അവനും വഴങ്ങേണ്ടി വന്നു.

'ഒക്കെ ... ഇനി തുടങ്ങാം ....' കൂട്ടത്തിലൊരുത്തൻ എല്ലാവരോടുമായി പറഞ്ഞു. മാപ്പിളപ്പാട്ടിന്റെ ശീലുകൾ നിറഞ്ഞു. എരഞ്ഞോളി പാടി .... ഇടക്ക് ബാബുരാജ് പാടി.....അല്ലാമാ ഇക്ബാല് പാടി ...... പാട്ടിന്റെ സ്വരങ്ങളേക്കാൾ ഓർമ്മയുടെ സ്വനങ്ങൾ അന്തരീക്ഷത്തിലേക്കു വ്യാപരിച്ചു. ഊഴം എന്നെ തേടിയും വന്നു. 'ഏഴാം ബഹറും കടന്ന് .......നിൻ മാരൻ വരുന്നുണ്ട് ........''''അന്തരാളങ്ങളിൽ നിന്ന് മടിയുടെ മുടിക്കുത്തിൽ പിടിച്ചു രാഗങ്ങൾ ഉയർന്നു. അമ്മാവൻ അദ്ഭുതത്തോടുകൂടി നോക്കി നിൽക്കുന്നത് കണ്ടു ഞാൻ ചിരിച്ചു തലതാഴ്ത്തി. അടുത്തത് അജയനാണ്. അവൻ പാടുമോ....? സഹപാഠികൾ നിർബന്ധിക്കാൻ തുടങ്ങി.അധ്യാപകരും കടുംപിടുത്തം പിടിച്ചതോടെ സഹികെട്ട് അജയൻ പാടാൻ ഒരുങ്ങി.അപ്പോൾ മാത്രം ഏവരിലും ഒരു നിശബ്ദത തളം കെട്ടിനിന്നു. അജയൻ കണ്ണുകളടച്ചു.

'ദ വേൾഡ് ഈസ് എ സ്റ്റേജ്, ദ ഓൾ മെൻ ആൻഡ് വ്യുമൺ മിയർലീ പ്ലയേഴ്സ് .......'

അജയൻ കണ്ണുതുറന്നതും കൂട്ടാളികൾ ആളിച്ചിരിച്ചു. എനിക്കും ചിരി വന്നു.പക്ഷേ അജയന്റെ മുഖത്ത് ഭാവപ്പകർച്ചകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല.അടുത്തത് അധ്യാപകരുടെ ഊഴമായിരുന്നു. കാലേക്കൂട്ടി കണ്ടറിഞ്ഞ് അമ്മാവൻ കസേരയിൽ നിന്ന് എഴുന്നേറ്റു.

' സോറി ബോയ്സ് ........ എനിക്ക് മറ്റൊരു ഫങ്ഷൻ ഉണ്ട് ...... പിന്നീട് നമുക്ക് വീണ്ടും കൂടാം .....' എല്ലാവരും അമ്മാവനെ യാത്രയാക്കാനായി എഴുന്നേറ്റു.എനിക്ക് ഉള്ളിൽ ഒരു ആവലാതി കനം വെച്ചു.

ആദ്യം ഒരു നീരസം തോന്നിയിരുന്നുവെങ്കിലും പിന്നീട് പാട്ടും കൂത്തും  അജയനുമായുള്ള സംസാരങ്ങളും എല്ലാംകൊണ്ടും

ഞാൻ ഉത്സാഹത്തിലായിരുന്നു.ഫങ്ഷൻ മുഴുമിപ്പിക്കാൻ ആഗ്രഹമുണ്ടായിരുന്നു.ഓർമ്മകളിൽ നഷ്ടം പേറുന്നത് ഇഷ്ടമുള്ള കാര്യമേയല്ല. ഓർമകൾക്കും ഒരു പൂർണത വേണം. അമ്മാവൻ സഭയിൽനിന്ന് അകലാൻ നേരം  പോകുവാനുള്ള മുഖമുദ്ര എന്നിലേക്കു നൽകി.ഞാൻ എല്ലാവരോടുമായി തലയാട്ടി. അമ്മാവന് അജയന്റെ അരികിലേക്ക് വന്ന് കൈ നീട്ടി.അജയൻ വിരലാൽ സ്വീകരിച്ചു.

‘ ഓക്കെ ....അജയൻ ......ഹാപ്പി മാരീഡ് ലൈഫ്............‘ അമ്മാവന്റെ ആശംസ അജയൻ വികാരങ്ങളില്ലാതെ കേട്ടു. അവന്റെ  മുഖത്ത് ഒരു പുഞ്ചിരി നിലനിന്നിരുന്നു.എനിക്ക് ഉലർച്ച ബാധിച്ച പോലെ തോന്നി.ഞാനും അജയന് കൈകൊടുത്തു.

‘ഒക്കെ ......അജയൻ ......ഹാപ്പി മാരീഡ് ലൈഫ്........‘അവൻ എന്നോടും അവികാരിതമായി പുഞ്ചിരിച്ചു.എനിക്ക് കൂടുതൽ ഒന്നും ഇനി പറയാനില്ല.തലയില് അമല് പൂത്തു പെരുകി.ചോദ്യങ്ങളുടെ സർവ്വകലവറകളേയും കൊട്ടിയടച്ച്. അമ്മാവന്റെ പിന്നിലായി നൈറ്റ് പാർക്ക് വിട്ടു.കയറിയതെല്ലാം ഇറങ്ങി.അമ്മാവനെ തറവാട്ടിൽ വിട്ടതിനു ശേഷം വീട്ടിലേക്ക് പോന്നു.വസ്ത്രം ഒന്ന് മാറി മച്ചിലെ കസേരയിൽ വീണ്ടും പടിഞ്ഞിരുന്നു.നിശയിൽ കാറ്റും മരങ്ങളും യുദ്ധത്തിൽ തന്നെയാണ്.ഞാൻ യുദ്ധം വീക്ഷിച്ചു കൊണ്ടിരുന്നു.ഒരു കാണിയാകാനല്ലാതെ മറ്റൊന്നിനും എനിക്ക് സാധിക്കുമായിരുന്നില്ല.

<u>ഹാഷിം വേങ്ങര</u>